LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ

28 [339] *ശ്രീ. വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ വൈദ്യുതി കണക്ഷന് അപേക്ഷ നൽകി കാത്തിരിക്കുന്ന അപേക്ഷകർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് വർഷം മുതൽക്കുള്ള അപേക്ഷകളാണ് ഉള്ളത്;

(സി) വ്യവസായ മേഖലയിലെ പ്രതിസന്ധി കണക്കിലെടുത്ത് വ്യവസായ ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ പെട്ടെന്ന് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 282.

(ബി) 2004 മുതൽ

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

എം.എൽ.എ., എം.പി., തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ഡെപ്പോസിറ്റ് വർക്കുകൾ

29 [340] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ മാരും, എം.പി.മാരും, തദ്ദേശഭരണ സ്ഥാപനങ്ങളും വൈദ്യുതി ലൈനുകൾ ലഭിക്കുന്നതിനുവേണ്ടി എത്ര ലക്ഷം രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ഇതിനകം കെ.എസ്.ഇ.ബി.യിൽ അടച്ചിട്ടുണ്ട്;

(ബി) ഇതിൽ ഏതെല്ലാം വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്; ഇനി ഏതെല്ലാമാണ് പൂർത്തീകരിക്കാനുള്ളത്;

(സി) സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)	എം.എൽ.എ. ഫണ്ട്	...	828.81 ലക്ഷം രൂപ
	എം. പി. ഫണ്ട്	...	693.87 ലക്ഷം രൂപ
	തദ്ദേശഭരണ സ്ഥാപനങ്ങൾ	...	19,882.5 ലക്ഷം രൂപ.

(ബി) എം.എൽ.എ. ഫണ്ടിൽ 450.99 ലക്ഷം രൂപയുടെയും എം.പി. ഫണ്ടിൽ 564.11 ലക്ഷം രൂപയുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ 17112.03 ലക്ഷം രൂപയുടെയും വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. യഥാക്രമം 377.84, 129.76, 2770.47 ലക്ഷം രൂപയുടെ വർക്കുകൾ പൂർത്തീകരിക്കാനുണ്ട്.

(സി) നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

വോൾട്ടേജ് ഇംപ്രൂവ്മെന്റിന് സംവിധാനം

30 [341] *ശ്രീ. സി. ടി. അഹമ്മദ് അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ വൈദ്യുതി ഓഫീസുകളിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്നും എന്നത്തേയ്ക്ക് പ്രസ്തുത ഒഴിവുകൾ നികത്താൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിന് വേണ്ടി എന്തെല്ലാം സംവിധാനങ്ങളാണ് പുതുതായി ആരംഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ വിവിധ വൈദ്യുതി ഓഫീസുകളിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു:

1.	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇല.)	...	13
2.	അസിസ്റ്റന്റ് എഞ്ചിനീയർ (ഇല.)	...	38
3.	അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)	...	1
4.	സബ് എഞ്ചിനീയർ (ഇല.)	...	16
5.	ഓവർസിയർ (ഇല.)	...	40
6.	മീറ്റർ റീഡർ	...	49
7.	മസ്ദൂർ/ഇല. വർക്കർ	...	56
8.	അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ	...	1
9.	സീനിയർ സൂപ്രണ്ട്	...	18

LIBRARY ARCHIVES Kerala Legislative Assembly